"ഉദ്ധരേദാത്മനാത്മാനം"

Reg. No. T. 26. License: No. 363. Dated 14 - 8397-

# നവജീവൻ

വരിസംഖ്യ } അഞ്ചലിൽ 3 രൂ. 6 ണ. / തപാലിൽ 4 രൂ. 8 ണ.
പരസ്യങ്ങൾക്കു മിതമായ നിരക്കു

## പ്രതിപക്ഷപത്രിക

ഏജൻറന്മാർക്കു പ്രത്യേക നിരക്കും കൂടുതൽ കമ്മിഷനും അനുവദിക്കും

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

Vol. 25 | ശിവഗിരി, വക്കല. Trav, 26th Feb: 1945. ൧൧൨൦ കുംഭം ൧൪-ാംനു തിങ്കളാഴ്ച | No 8

# ആദർശനിർവചനം

II

(കെ. വി. എൻ. മൂത്തക്കര—തലശ്ശേരി)

മതമെന്ന ശബ്ദം വളരെ വിപുലമായ ഒരു തത്വത്തെ അന്തർഭാവനം ചെയ്തുകൊണ്ടുള്ള ഒന്നാണെങ്കിലും അതിന്റെ സാരാംശത്തെ മാത്രം ചുരുക്കിപ്പറയുന്നതായാൽ അഭിപ്രായം എന്ന അർത്ഥത്തിലത്രെ പര്യവസാനിക്കുന്നതു്. ആസ്തികം, എന്നും നാസ്തികം എന്നും രണ്ടു തരം മതങ്ങളുള്ളതിൽ നാസ്തിക മതത്തെക്കുറിച്ചു ഇവിടെ വിചാരണ ചെയ്യുന്നില്ല. ആസ്തികമതങ്ങൾ ഈശ്വരൻ, പരലോകം മുതലായവയുടെ സത്തയെ പ്രതിപാദിച്ചു അവയോടടുത്തു ചെല്ലുവാനുള്ള പന്ഥാക്കളെ ഉപദേശിക്കുന്ന അഭിപ്രായങ്ങളാകുന്നു. ഈ അഭിപ്രായം ഈശ്വരജന്യമായിട്ടുള്ളതു തന്നെയാണെങ്കിലും, ദിവ്യന്മാരായ ഓരോ അവതാരപുരുഷന്മാരുടെ മുഖത്തിൽ കൂടിയാണ് അവ വെളിക്കു വരുന്നതു്. ഇവയുടെ ആദിമമായ ഉല്പത്തിസ്ഥാനം കണ്ടുപിടിച്ചു കാലനിർണ്ണയം ചെയ്‌വാൻ ആർക്കും സാധിച്ചിട്ടില്ല. ബുദ്ധൻ അവതരിക്കുന്നതിനു മുമ്പുള്ള ശാസ്ത്രങ്ങളിൽ ബുദ്ധമതത്തെ പ്രതിപാദിച്ചു കാണുകകൊണ്ടു ആ മതത്തിന്റെ ആദികർത്താവു ശാക്യമുനിയല്ലെന്നാണ് ഊഹിക്കേണ്ടതു്. വിശിഷ്ടാദ്വൈതം രാമാനുജമതമാണെന്നു പറയുന്നുവെങ്കിലും രാമാനുജാചാര്യർ അതു ബോധായനമുനിയുടെ ആശയത്തിൽ നിന്നു പകർത്തിയതാണ്. ബോധായനനാകട്ടെ അതു മഹോപനിഷത്തിൽ നിന്നു പഠിച്ചതുമാണ്. ഇങ്ങനെ ഓരോ മതത്തെയും പരിശോധിച്ചാൽ അവയുടെ ആരംഭകാലം ദിവ്യദൃഷ്ടികൂടാതെ കണ്ടുപിടിപ്പാൻ സാധിക്കയില്ല. അദ്വൈതമതം ശങ്കരാചാര്യരോ ബാദരായണമഹർഷിയോ പുതുതായി ആവിഷ്ക്കരിച്ചതല്ല. എന്നാൽ അതു എപ്പോഴുണ്ടായി എന്നു പറവാനും പ്രയാസമാണ്. പുരാതന ഋഷികൾ വേദത്തിന്റെ സഹായത്തോടുകൂടിയാണ് ഓരോ മതത്തെയും പ്രകാശിപ്പിച്ചതെന്ന സംഗതി സുപ്രസിദ്ധമാകകൊണ്ടു ഭാരതീയ മതങ്ങളുടെ മാതൃസ്ഥാനം വേദങ്ങളാണെന്നൂഹിക്കപ്പെടുന്നു.

ദ്വൈതം, അദ്വൈതം, ദ്വൈതാദ്വൈതം, വിശിഷ്ടാദ്വൈതം, മുതലായി പലവിധ മതങ്ങളുണ്ട്. ഇവകളിൽ തന്നെ ശൈവം, വൈഷ്ണവം, പാശുപതം മുതലായി പ്രസിദ്ധങ്ങളായ അനവധി വിഭാഗങ്ങളുണ്ട്. ഇവ പരസ്പരം ഭിന്നങ്ങളായിത്തോന്നുന്നുണ്ടെങ്കിലും അനുഷ്ഠാനക്രമമൊഴികെ എല്ലാററിന്റെയും വിഷയവും പ്രയോജനവും ഒന്നുതന്നെയാണ്. മനുഷ്യരുടെ ആകൃതിയും പ്രകൃതിയും, ബുദ്ധിയും, പ്രതിശരീരം ഭിന്നമാണെന്നു അനുഭവസിദ്ധമാണല്ലൊ. ഈ വ്യത്യാസമനുസരിച്ചു ഈശ്വരസാക്ഷാൽക്കാരത്തിനുള്ള വഴികളും വ്യത്യാസപ്പെട്ടിരിക്കേണ്ടതാണ്. മനുഷ്യപ്രകൃതിക്കനുസരണമുള്ളതുപോലെ മതത്തിനും അതു ഉണ്ടായിരിക്കുന്നതാണ്. ക്രിസ്തുമതം, മുഹമ്മദമതം, മുതലായ ഇതര മതങ്ങളെപ്പോലെ സ്വർഗ്ഗപ്രാപ്തിക്കുള്ള മാർഗ്ഗം ഒന്നുമാത്രമാണെന്നു കാണിച്ചു എല്ലാവരേയും ഒരു വഴിയിൽ കൂടി കൊണ്ടുപോകുവാനായി ശ്രമിക്കുന്ന രീതി ഹിന്ദുമതത്തിൽ തീരെ ഇല്ല. ഇതുകൊണ്ടാണ് ഹിന്ദുമതം ഒരു പ്രത്യേകമതമല്ലെന്നു പലരും പറയുന്നതു്. വാസ്തവത്തിൽ എല്ലാമതങ്ങളുടെയും വിഷയം ഈശ്വരൻ തന്നെയാണെങ്കിലും ഇവകളിൽ ഈശ്വരനാമത്തിനും ആരാധനാക്രമത്തിനും ആചാരപരമ്പരകൾക്കും ഗണ്യമായ വ്യത്യാസം കാണും. ഈ വ്യത്യാസത്തെ കാരണമാക്കിക്കൊണ്ടാണ് ഓരോ മതക്കാരും ഇതരമതത്തിൽ ദോഷമാരോപിക്കുന്നതു്. മതഗ്രന്ഥം പഠിച്ചു തത്വം ഗ്രഹിക്കാതെ, മതപ്രവർത്തകന്മാരുടെ ഉദ്ദേശം മനസ്സിലാക്കാതെ അന്യമതങ്ങളെ ദൂഷിക്കുന്നതു തെററാണ്. ജ്ഞാനികൾ യോഗികളെയും, യോഗികൾ കർമ്മികളെയും, കർമ്മികൾ ഉപാസകന്മാരെയും, ഉപാസകന്മാർ കേവലഭക്തന്മാരെയും ദൂഷിക്കുന്നതു സാധാരണ സമ്പ്രദായമായിരിക്കുന്നു. തത്വപാരീണന്മാരായ മതാചാര്യന്മാരുടെ ഗംഭീരമായ ആശയത്തെ അറിയുകയെന്നതു സുസാദ്ധ്യമല്ല. അവരാകട്ടെ പരമാർത്ഥന്മാരും ജീവന്മുക്തന്മാരുമായിരുന്നു. അവർ കണ്ടുപിടിച്ച തത്വങ്ങൾ ഒന്നിനൊന്നു അപേക്ഷിച്ചു മറെറാന്നു ഭിന്നമായിരുന്നാലും ആയതു എപ്പോഴും വാസ്തവമായിത്തന്നെയിരിക്കും. ഘടമെന്ന പദാർത്ഥം ഒരു നൈയായികന്റെയൊ വൈശേഷികന്റെയൊ ദൃഷ്ടിയിൽ പെട്ടാൽ ആയതു അവയവങ്ങളിൽ നിന്നു ഭിന്നമായ ഒരു അവയ

വിയാണെന്നു ബോധിക്കും. ആർഹതന്മാർ അതു ഒരുവിധത്തിൽ അറിയപ്പെടുന്നുണ്ടെങ്കിലും മറ്റൊരുവിധത്തിൽ അവിടെ ഇല്ലെന്നും വിചാരിക്കും. സാംഖ്യൻ അതിനെ ത്രിഗുണങ്ങളുടെ സമ്മേളനമെന്നു കരുതുകയുള്ളൂ. എന്നാൽ ഒരു വേദാന്തിയുടെയോ ബൌദ്ധന്റെയോ ദൃഷ്ടിയിൽ അതു വെറും ഒരുപരമാണുപുഞ്ജമായിരിക്കും. ഘടത്തെ സംബന്ധിച്ച ഈ എല്ലാ അഭിപ്രായവും ശരിയാണുതാനും.

“പരിവ്രാട് കാമുകശുനാ
മേകസ്യാം പ്രമദാതനൌ
കുണപഃ കാമിനീ ഭക്ഷ്യ
ഇതിതി സ്രോവികല്പന”

ഒരു സ്ത്രീയുടെശരീരം കണ്ടാൽ ഇതൊരു പിണം മാത്രമാണെന്നു സന്യാസി കരുതുകയുള്ളൂ. ആ ശരീരം തന്നെ കാമിയുടെ കണ്ണിൽ സുന്ദരീരൂപമായിപ്പരിണമിക്കുന്നു. എന്നാൽ ശവം ഭക്ഷിക്കുന്ന നായ്ക്കൾക്ക അതു തങ്ങളുടെ ഭക്ഷണസാധനമെന്ന വിചാരമേയുണ്ടാകയുള്ളൂ. ശരീരത്തെക്കുറിച്ച ഈ മൂന്നുകൂട്ടരുടെയും സങ്കല്പം സുബദ്ധമാകുന്നു. ഇതുപ്രകാരം മതാചാര്യന്മാരുടെ അഭിപ്രായം ഭിന്നമായിരുന്നാലും തത്വത്തിൽഏകമായിരിക്കാണാം. എന്നാൽ മതപ്രവർത്തകന്മാരിലും പരമതഖണ്ഡനമെന്ന ദോഷമുണ്ടെന്നു ധരിച്ചുപോകരുതു്. അവർ പരമതത്തെ ഖണ്ഡിക്കുന്നുണ്ടെങ്കിൽ അതു സ്വമതത്തിന്നു ദാർഢ്യം വരുത്താനാണു്. പരമതപ്രതിഷിദ്ധം സ്വമതം (അന്യമതത്തെ നിഷേധിക്കാതിരുന്നാൽ അതു് സ്വമതമാണെന്നാവും) എന്നൊരു ന്യായം. പൂർവാചാര്യന്മാരുടെ ഇടയിലുണ്ടായിരുന്നു. മതകർത്താക്കന്മാർ പരസ്പരം നിന്ദിക്കുന്നതും സ്വമതത്തെ സ്ഥാപിക്കാൻ വേണ്ടിയാണു്. “നഹിനിന്ദാ നിന്ദനീയം നിന്ദിതും പ്രവർത്തതേ, അപിതു വിധേയം സ്തോതും” (നിന്ദയുടെ പ്രവൃത്തി മറ്റൊരുത്തനെ നിന്ദിക്കുക എന്നതല്ല. തനിക്കിഷ്ടമുള്ളതിനെ സ്തുതിക്ക എന്നതാകുന്നു) എന്നാണു് അവരുടെന്യായം. ഈ വകയൊന്നും ആലോചിക്കാതെ ഒരു മതാചാര്യന്റെ ശിഷ്യന്മാർ മററു മാർഗ്ഗങ്ങളെ ഉപയോഗിച്ചു മഹാത്മാവിന്റെ അനുഗാമികളെ കററപ്പെടുത്തുന്നതു തെററുതന്നെയാണു്. മതാചാര്യന്മാർ വേദത്തെ മുഴുവനും പരിശോധിച്ചു മനുഷ്യപ്രകൃതിക്കു പററിയവിധത്തിൽ കർമ്മകാണ്ഡം ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം എന്നിങ്ങിനെ മൂന്നുവിധത്തിൽ വിഭജിച്ചു ഈ വിഭാഗത്തിന്നനുസരിച്ചു മന്ദാധികാരി മദ്ധ്യമാധികാരി, ഉത്തമാധികാരി എന്നിങ്ങിനെ അധികാരഭേദത്തേയും കല്പിച്ചു. ഇതാണു് മതരഹസ്യം.

മതത്തിനു ഈ വിധത്തിൽ വ്യത്യാസമില്ലെങ്കിൽ അതു വിവിധപ്രകൃതികളായ മനുഷ്യർക്കു എവർക്കും ഉപകാരപ്രദമായി വരികയില്ല. ലോകത്തിലുള്ള സകല മതങ്ങളും കർമ്മം, ഉപാസനാ, ജ്ഞാനം, എന്നീ മൂന്നിലേതെങ്കിലുംഒന്നിനെ പ്രധാനമാക്കി പ്രവർത്തിക്കുന്നതാണത്രെ. കപിലൻ, കണാദൻ, ഗൌതമൻ, പതഞ്ജലി, ജൈമിനി, വ്യാസൻ എന്നീ മഹർഷികൾ വ്യത്യസ്തങ്ങളായ ആറു ദർശനങ്ങളെ പ്രകാശിപ്പിച്ചതും അധികാരിഭേദത്തിന്നനുസരിച്ചു തന്നെയാകുന്നു. മതമെന്നാൽ എന്താണെന്നു ചോദിക്കുന്നവർക്കു മേൽപ്രസ്താവിച്ചവയെല്ലാം ഒരു ഏകദേശികവിവരണമെന്ന നിലയിൽസ്വീകാര്യമാണു്.

എന്നാൽ ശ്രീനാരായണഗുരുദേവർ “ഒരുമതം” എന്നു നിർദ്ദേശിച്ചതിന്റെ അർത്ഥമെന്താണു് നമുക്കിവിടെ ആരായുവാനുള്ളതു്. “ഒരുമത” മെന്നതിന്നു വ്യതിരേകലക്ഷണാംകൊണ്ടു് “നിർമ്മതത്വം,, എന്ന അർത്ഥം സാധിപ്പിച്ചതും അതിന്നു ഇന്നു നിലവിലുള്ള എല്ലാ മതങ്ങളെയും നിഷേധിപ്പാൻ ശക്തിയുണ്ടെന്നു് ജാതിവിവരണാവസരത്തിൽപ്രസ്താവിച്ചതും ഇവിടെ ഓർക്കണം. എന്നാൽ ഗുരുദേവൻ നിർമ്മതവാദിയാണെന്നു ശങ്കിക്കയും അരുതു്.

ലോകത്തിൽ ഒട്ടാകെ 2[illegible]0 മതങ്ങളുണ്ടത്രെ. അതിൽ 140 നമ്മുടെ ഭാരതത്തിൽ തന്നെയാണുള്ളതു്. ഹൈന്ദവം ക്രൈസ്തവം മാഹമ്മദം എന്നീ മൂന്നു മതങ്ങളാകുന്നു പ്രധാനം. ഹിന്ദുമതം ഏതാണ്ടു് 121 വിഭിന്ന മതങ്ങളുടെ അകമ്പടിയോടുകൂടെ ഭൂലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ബുദ്ധമതാദികളെ വിശ്വസിക്കുന്നവരേയും കൂട്ടിഗ്ഗണിക്കുമ്പോൾ 130 കോടിയോളം വരുന്ന ഭൂഖണ്ഡത്തെ ഏകയിലധികം ജനസമു[illegible]ന്ദുക്കളാണു്. ഈ എല്ലാമതങ്ങളും ആചാരാദികളിൽ പരസ്പരം ഭിന്നങ്ങളാണെങ്കിലും ഒരേ ഒരു മൌലികതത്വത്തിൽ ഇവയെല്ലാം ഐകരൂപ്യം കാണുന്നുണ്ടു്.

“ആനന്ദാ ദേവ ഖല്വിമാനി ഭൂതാനി ജായന്തേ, ആനന്ദേന ജാതാനി ജീവന്തി, ആനന്ദം പ്രത്യഭിസംവിശന്തി”

എന്ന ആ മൌലികതത്വത്തെ ഒന്നാമതായി പ്രവചിച്ചതു ഹിന്ദുമതമാണു്. “ഈ ഭൂതങ്ങളെല്ലാം ആനന്ദത്തിൽ നിന്നുജനിക്കുന്നു., ആനന്ദത്തോടുകൂടി ജീവിക്കുന്നു. അവസാനം ആനന്ദത്തിൽ ചെന്നു ലയിക്കുന്നു” എന്ന അതിന്റെ അർത്ഥത്തോടു യോജിക്കാത്ത ഒരൊററ മതവും ഇല്ല. സുഖേച്ഛ ജീവിവർഗ്ഗത്തിന്റെ ഉടപ്പിറവിയായ സ്വഭാവഗുണമാണു്. സുഖത്തിൽ ആഗ്രഹിക്കാതെയും ദുഃഖത്തെ വെറുക്കാതെയും ഒരൊററ ജീവിപോലും ഇവിടെ ലോകമുണ്ടായതിനു ശേഷം ഇതുവരേയും ജനിച്ചിട്ടില്ല. അതു കൊണ്ടാണു് ജന്തുക്കളുടെ ജന്മം തന്നെ ആനന്ദത്തിൽ നിന്നാണെന്നു ഹൈന്ദവ ധർമ്മം ഘോഷിച്ചതു. ആദ്ധ്യാത്മികങ്ങളായ മതങ്ങൾക്കും പുറമെ, അനാത്മപരവും കേവലം ഭൌതികങ്ങളുമായ ചാർവാകമതം, ബാർഹസ്പത്യം, മുതലായ പ്രാചീനങ്ങളും സോഷ്യലിസം, ബോൾഷെവിസം, കമ്മ്യൂണിസം, മുതലായ അധുനാതനമതങ്ങളും ഒരുപോലെ ആനന്ദത്തിനു പ്രാധാന്യം കല്പിക്കുന്നു. മതങ്ങളുടെയെല്ലാം ഉദ്ദേശം മനുഷ്യനെ നന്നാക്കുകയും, പരിപൂർണ്ണതയിലെത്തിക്കുകയുമാണു്. “മതമേതായാലും, മനുഷ്യൻ നന്നായാൽ മതി”യെന്നു ഗുരുദേവൻ അരുളിയതും പ്രസ്തുത ന്യായത്തെ അനുസരിച്ചാണു് ഭൌതികസമഷ്ടിവാദ സിദ്ധാന്തത്തെ അഭിമാനിക്കുന്നവയും, ബാഹ്യലോകത്തെ മാത്രം അവലംബിക്കുന്നവയും, വിഷയം വായും മാത്രം പ്രമാണീകരിച്ചുള്ള തത്വശാസ്ത്രം മുഴുവനും അതിന്റെ പ്രമാണീകരണത്തിനു വിനിയോഗിക്കുന്നു. കമ്മ്യൂണിസം, സോഷ്യലിസം, മുതലായവയുംതെല്ലൊന്നു വ്യത്യാസപ്പെട്ട നാസിസം, ഫാസിസം എന്നീ രാഷ്ട്രീയാഭിശാസനത്തിൽ അടിയുറച്ച മതങ്ങളും കൂടി ജീവിതം ഏതു രീതിയിലായിരി

# തൂലികാചിത്രവും വ്യക്തികളും

(വക്കം എം. അബ്ദുൽഖാദർ)

I

വ്യക്തികളിൽ കൂടി കാലാനുഗതമായ മനോഭാവങ്ങളേയും ചിന്താഗതിയേയും താല്പര്യങ്ങളേയും. അപ്രകാരം അവയിൽ കൂടി വ്യക്തികളേയും പ്രകാശിപ്പിക്കുവാനുള്ള കലാപരമായ ഉദ്യമം എന്ന നിലയിൽ തൂലികാ ചിത്രങ്ങൾക്ക (Pen-portraits) സാഹിത്യത്തിൽ അപ്രധാനമല്ലാത്ത ഒരു പദവിയുണ്ട്. വിമർശനപരവും സൃഷ്ടിപരവും ആയ ഒരുകൃതി ആയിരിക്കവോളം തൂലികാ ചിത്രം വിഗണിക്കപ്പെടുന്നതല്ല. ആധുനിക ജീവചരിത്രത്തിലെന്നപോലെ കല അതിൽ മുന്നിട്ടു നില്ക്കണം. എന്നാലും തൂലികാ ചിത്രകാരൻ സാഹിത്യത്തിലെ ഒന്നാംകിട എഴുത്തുകാരുടെ ഗണനയിൽ പെടുന്നവനല്ല. ആധുനിക തൂലികാ ചിത്രകാരൻ ആദ്യമായി കലാകാരനായിരിക്കണം സൗന്ദര്യസ്രഷ്ടാവായിരിക്കണം. അവന്റെ പ്രതിപാദനരീതി കലാപരമായിരിക്കണം. സൗന്ദര്യത്തെ ആവിഷ്കരിക്കാത്ത വസ്തുസ്ഥിതികഥനത്തിന്റെ സമ്പ്രദായത്തോടു അവൻ അടുക്കരുത്.

തൂലികാ ചിത്രകാരൻ ജീവചരിത്രകാരന്റെ ചില ധർമ്മങ്ങളെ അനുഷ്ഠിക്കുവാൻ കടപ്പെട്ടവനാണെങ്കിലും അവൻ ജീവ ചരിത്രകാരനേക്കാൾ കലാപരനായിരിക്കും. വികാരപരവും ഭാവനാപരവുമല്ലാത്ത പ്രതിപാദനരീതിയോടു അടുക്കുവാൻ ജീവചരിത്രകാരനു കൂടുതൽ സ്വാതന്ത്ര്യവും അവകാശവും അനുവദിക്കപ്പെട്ടിട്ടുണ്ട്. ആധുനിക ജീവചരിത്രം കഥയുടെ പ്രഥമഗണനത്തിൽ കടന്നിട്ടുണ്ടെങ്കിലും ആ കലയിൽ, തൂലികാചിത്രത്തെ മുന്നിട്ടു നില്ക്കുന്നില്ല. ഇന്നത്തെ ജീവചരിത്രത്തെ അതിന്റെ [illegible] എത്തിച്ചവരിൽ അഗ്രഗണ്യനായ ലിട്ടൺ സ്ട്രാച്ചി നൽകിയ മാതൃക ജീവചരിത്രകാരന്മാർക്ക് മാത്രമല്ല ആധുനിക തൂലികാചിത്രകാരന്മാർക്കും മാർഗ്ഗദർശനമേകിയിട്ടുണ്ട്. മോൺസിയർ മോറിസ്, ഗിഡാലാ മിസ്സ് ഒലിവർ എന്നിവരും ജീവ ചരിത്ര പ്രസ്ഥാനത്തെ വളർത്തിയിട്ടുള്ളവരാണ്. എന്നാൽ അവർക്ക് മിസ്സ് ടാക്ക് പിങ്ക്, ഫൗസ് അൻഡേഴ്സൺ എന്നിവർ ചെയ്തിട്ടുള്ളതുപോലെ വികാരാവേശവും കാവ്യാനുഭൂതിയും ജീവചരിത്രത്തിൽ കടത്തുവാൻ കഴിഞ്ഞിട്ടില്ല. ക്ലീനൽ, ജഫറിസ്കോട്ട എന്നിവർ ഗൗരവസ്വരത്തിൽ മനശ്ശാസ്ത്രപരമായ പ്രാധാന്യത്തോടെ കഥാപുരുഷന്റെ മാനസിക ജീവിതത്തെ വെളിപ്പെടുത്തി. ഇവരുടെ എല്ലാം മുന്നോടികളായിരുന്ന കാർലൈൻ, മെക്കാളെ, എഡ്മൺഗ്രസ എന്നിവരാണ് അഭിനവ ജീവചരിത്രത്തിന്റെ അസ്ഥിവാരമുറപ്പിച്ചത്.

തൂലികാ ചിത്രരചനയിൽ എ. ജി. ഗാർഡിനർ സ്റ്റീഫൻസ്വിഗ്ഗ് ഇതെൽ മാനിൻ മുതലായവരുടെ രീതികളേയാണ് ഇന്നു പലരും അവലംബിച്ചു കാണുന്നത്. സ്വകാര്യ ജീവിത വസ്തുതകളുടെ പശ്ചാത്തലത്തിൽ നിന്നു കൊണ്ടു മാത്രമേ തൂലികാ ചിത്രകാരൻ പ്രവർത്തിക്കാവൂ എന്നൊരു നിയമമുണ്ട്. എന്നാൽ അങ്ങിനെ ചെയ്യുന്നതു കൊണ്ടു കഥാപുരുഷന്റെ വ്യക്തിത്വം വെളിപ്പെടുന്നില്ലെങ്കിൽ ആ തൂലികാചിത്രം ഒരു പരാജയമായിരിക്കും. കഥാപുരുഷന്റെ ആശയങ്ങളേയും അഭിപ്രായങ്ങളേയും പലപ്പോഴും തൂലികാ ചിത്രകാരനു പ്രകാശിപ്പിക്കേണ്ടിവരും. കായിക വ്യാപാരത്തെവിട്ടു യാതൊന്നും ദർശിക്കാൻ കഴിയാത്ത തൂലികാ ചിത്രകാരൻ കേവലം ഉപരിപ്ലവബുദ്ധിയായി പോകുന്നതാണ്. ഉപരിപ്ലവതയെ കല ഒരിക്കലും സഹിക്കുകയില്ല.

ഏതെങ്കിലും തരത്തിൽ പ്രാധാന്യമാർജ്ജിച്ചിട്ടില്ലാത്ത വ്യക്തികളെ തൂലികാ ചിത്രകാരൻ വർജ്ജിക്കുന്നു. വ്യക്തികൾ പല ഇനക്കാരാണ്. എന്തു ചെയ്താലും എന്തു പറഞ്ഞാലും തങ്ങളിൽ തന്നെ അടക്കപ്പെട്ടു കിടക്കുന്ന ഒരുതരം വ്യക്തികളുണ്ട്. അവരുടെ പ്രവർത്തനങ്ങളുടേയും സേവനങ്ങളുടെയും വ്യാപാരമണ്ഡലം അവർ മാത്രമായിരിക്കും. അവർക്ക് അവരെ വിട്ടു വളരുവാൻ കഴിയുന്നില്ല. സാമൂഹ്യ പ്രാധാന്യമില്ലാത്ത അവർ ഒററ തിരിഞ്ഞ വ്യക്തികളാണ്. പ്രസ്ഥാനങ്ങളായും സമുദായങ്ങളായും വർഗ്ഗങ്ങളായും ജനതകളായും ലോകമായിട്ടു തന്നേയും വികസിച്ചു നില്ക്കുന്ന മറെറാരുതരം വ്യക്തികളുണ്ട്. അവരെ കുറിച്ചു ചിന്തിക്കുമ്പോഴാണ് വ്യക്തി എന്നതു വെറുമൊരു ഈച്ചയല്ലെന്നു നമുക്കു മനസ്സിലാകുന്നത്. ഈശ്വരനിയുക്തന്മാരെന്നോ ഈശ്വരനാണെന്നോ തെററായിട്ടോ ശരിയായിട്ടോ ഗണിക്കപ്പെട്ടുവരുന്ന മത പ്രവാചകന്മാർ കേവലം വ്യക്തികളായിട്ടല്ല ലോക സ്ഥാപനങ്ങളായിട്ടാണ് വിശ്വസിക്കപ്പെടുന്നത്. കൃഷ്ണൻ, ബുദ്ധൻ, യേശു മുഹമ്മദു എന്നിവരെ വെറും വ്യക്തികളെന്നു വിളിച്ചാൽ അതൊരു അപരാധമായിട്ടുപോലും ഗണിക്കുന്നവർ അപൂർവ്വമല്ല. സമുദായ പരിഷ്കർത്താക്കളേയും മത പ്രബോധകന്മാരേയും മററും ഓരോ വ്യക്തിയിലേക്കു സങ്കോചിപ്പിച്ചു കൊണ്ടു വരുവാൻ പലരും ഭയപ്പെടുന്നു. മുൻകാലങ്ങളിൽ (ഒരു പ്രകാരത്തിൽ ഇന്നും) സമുദായങ്ങളുടേയും ജനതകളുടേയും മാനസിക ജീവിതത്തെ പല വിധത്തിൽ സംസ്കരിക്കുവാൻ ശ്രമിച്ചിട്ടുള്ള ശ്രീശങ്കരൻ, രാമകൃഷ്ണപരമഹംസൻ, ലൂതർ, സെയിൻറ അഗസ്റ്റിൻ, ബട്ട്ലർ, മഹമ്മദ് അബ്ദു, സഗ്ലൂൽ പാഷാ, ഇബ്നുതിമിയ, മുതലായവർ വ്യക്തികളുടെ ജനയിതാക്കളല്ല സമുദായങ്ങളുടേയും വർഗ്ഗങ്ങളുടേയും ഉത്തേജകന്മാരാണ്. വ്യക്തികളെ വിട്ടു വളർന്ന വ്യക്തികളെപ്പററി പറയുമ്പോൾ രാഷ്ട്രങ്ങളായും ജനതകളായും വികസിച്ച പ്ലേറേറാ, അരിസ്റ്റോട്ടിൽ എന്നിവരെ വിസ്മരിച്ചുകൂടാ. തത്വചിന്തകന്മാർ ലോകത്തിന്റെ മാനസിക ജീവിതത്തിൽ വികസിച്ചു നില്ക്കുന്നവരാകയാൽ അവരുടെ വ്യക്തിത്വം ലോകം നിറഞ്ഞിരിക്കുന്ന വ്യക്തിത്വമാണ്. വൻപിച്ച വിപ്ലവകാരികളുടെ പിന്നിൽ നാം രാഷ്ട്രങ്ങളേയും ജനതകളേയുമാണ് ദർശിക്കുന്നത്. റൂസോ,

# • സത്യഗായകൻ

(പള്ളത്തു രാമൻ)

ആശാന്റെ ആഴമുള്ള ആശയം പോലെ കിടക്കുന്ന പല്ലനയാററിന്റെ ആശയത്തിലാണല്ലൊ ആ മഹാകവിയുടെ സമാധി. മഹാകവി ഷെല്ലിയും, ഇദ്ദേഹത്തെപ്പോലെതന്നെ 'സ്പെസിയാ' ഉപസാഗരത്തിൽ ജലസമാധി പ്രാപിക്കയാണല്ലോ ചെയ്തതു്. തത്വചിന്തയുടെ ചിറകിന്മേൽ, കയറി ഒരു ആദ്ധ്യാത്മികലോകത്തിൽ സഞ്ചരിക്കയായിരുന്നു ഇരു മഹാകവികളും. ആശാന്റെ അന്തഃകരണത്തിൽ മർമ്മരം കൊണ്ട താത്വികചിന്ത ഉറക്കെ സംസാരിച്ചു കേൾക്കുന്നതാണു് തൽക്കവിതകൾ, അല്ലെങ്കിൽ ഉപരിചിതകൾ ഒരു വെളിപാടിനു് കവിതയിൽ ആവേശിച്ചതാണു്. ജാതിമതാതീതനായി സർവ്വസമുദായമൈത്രിയുടെ സന്ദേശവാഹകനായിരുന്ന ആശാൻ ഒരു സത്യഗായകനാണു്. സത്യത്തിന്റെ നിറ വെളിച്ചത്തിൽ അദ്ദേഹം സൌന്ദര്യവും സ്നേഹവും തിളങ്ങിക്കാണുന്നു. ഒരു യോഗീഹൃദയത്തിന്റെ ഉടമസ്ഥനായ ഈ മഹാകവിക്കു് സത്യസന്ദേശമല്ലാതെ എന്താണു് ലോകത്തിനു നൽകാനുള്ളതു്? സത്യസാക്ഷാൽക്കരണം നേടിയ ഒരു യോഗീന്ദ്രന്റെ അന്തേവാസിത്വം സിദ്ധിച്ച 'ചിന്നസ്വാമി'ക്കു് "അവനിവാഴ്‌വു കിനാവാ"ണെന്നു ശങ്കരാചാര്യരുടെ "ലോകം ശോകഹതം ച സമസ്തം" പോലെ പാടാനേ കഴിയൂ. ആത്മസാക്ഷാൽക്കരണത്തിനുള്ള ഒരു മോഹമാണു നളിനിയിലും ലീലയിലും ഒളിഞ്ഞു തെളിഞ്ഞു കാണുന്നതു.

പരമാത്മാവിനോടു ഏകീകരിക്കുന്നതിനുള്ള ഒരു വെമ്പൽ, ഒരു പാച്ചിലാണു്; ആദ്ധ്യാത്മനിഗൂഢതയിലേക്കുള്ള ഒരു എത്തിനോട്ടമാണു നാം ആ കൃതികളിൽ ദർശിക്കുന്നതു്. നമ്മുടെ പാശ്ചാത്യകവിയും നിറതിങ്കൾത്തിളക്കത്തിലെ പാൽപ്പാഴിയിൽ ഒരു വെള്ളിത്തോണിയും അതിനകത്തു് ഒരു ഉജ്ജ്വലതയും, ഭാവനാദൃഷ്ടിയിൽ കാണുന്നതു് പരമജ്യോതിസ്വരൂപനെത്തന്നെയാണു്. ആർഷജീവിതം ലൌകികജീവിതത്തോടു ഒട്ടിപ്പിടിച്ചപ്പോൾ മട്ടുമാറി. സന്യാസാശ്രമത്തിന്മേൽ ഗൃഹസ്ഥാശ്രമം കെട്ടിപ്പടുത്തപ്പോൾ ശൃംഗാരലഹരി പിടിച്ചു ശൃംഗാരഝംകാരം കോമളാരാമത്തിൽ മുഴങ്ങിയ കാലത്താണു് നാം ഈ പൂങ്കോകിലത്തിന്റെ കാകളി കേട്ടു പുളകിതരായതു്. മാംസനിബദ്ധമല്ല പ്രേമമെന്നും മാധുര്യമേറിയ ആദ്ധ്യാത്മികമഹത്വത്തിലാണു് അതു തളിർക്കുന്നതെന്നും സത്യഗായകൻ 'ഗ്രാമവൃക്ഷ'ത്തിലിരുന്നു പാടി. പിന്നിട്ടു 'പ്രരോദനം' ചെയ്തു. ആ പ്രരോദനവും പ്രപഞ്ചപ്രഹസനത്തെ ദൂരെ നിന്നു നോക്കി ഒരു പൊട്ടിച്ചിരിക്കലായാകുന്നു. ആദ്ധ്യാത്മവിദ്യാലയമാക്കി ഒരു ശ്മശാനത്തെ മാററിയതു് ഒരു മഹേന്ദ്രജാലമാണു്' ഇതാ പ്രേമഗായകന്മാർ—അവരുടെ ഗാനം ശ്മശാനോളി രംഗത്തിലാണു് —ഇറങ്ങി പുറപ്പെട്ടിരിക്കുന്നു! പൌരുഷത്തിന്റെ വാളിനു പകരം ആത്മഹത്യയ്ക്കു് കയറാണു് ഈ കവികൾ യുവതീയുവാക്കന്മാരുടെ കൈയിൽ കൊടുക്കുന്നതു്. മാതൃഭൂമിയിൽ നെടുനീളെ കാമപ്രേമകവിതകൾ! പുലരിയും മധുരിയും ചുംബനവും, രംഭണവുംനിലാവും, നിഴലും, പൂനിലാവും, പൂഞ്ചോലയും എടുത്തു കളഞ്ഞാൽ നഗ്നത നടമാടുന്ന നിർജ്ജീവസത്വങ്ങളെ സൃഷ്ടിച്ചുവിടുന്ന വഴി പിഴച്ച വക്രപല്ലനയാററിന്റെ ജലഗർഭത്തിൽ നിന്നും ഇതാ ഒരു അദൃശ്യ നിർദ്ദേശം.

നിരർത്ഥപദങ്ങളെ കൊണ്ടു വിടവടയ്ക്കുന്ന 'ചാതുർവൈതുഹി'ക്കു് പൂർണ്ണവിരാമമിട്ടതു ആശാനാണെന്നു പറയണം. കവിതാംഗനെ മന്ത്രിയാക്കുന്ന ആ 'ശംകണ്ണി' സംപ്രദായം ആശാന്റെ നിശിതശരത്തിനു പാത്രമായിരുന്നു. കവി കവിതയെ സ്ഥൂലഗാത്രിയാക്കാതെ കൃശഗാത്രിയാക്കുന്നതിലാണു് സൌന്ദര്യമെന്നു് ആ കലാകാരനു് അറിയാമായിരുന്നു. കുശലനായ തുലികാരൻ അടിമുതൽ മുടിവരെ ചായം വാരിതേയ്ക്കാതെ, മർമ്മസ്ഥാനത്തിൽ ഒരു തൊണ്ടു തൊണ്ടിയാൽ മതിയല്ലൊ ആകർഷകമാക്കുവാൻ. സംക്ഷിപ്തതയാണു് കവിതയുടെ ജീവനെന്നു് ഗുരുവിനുശേഷം ആശാനാണു് അക്ഷരം പ്രതി അനുഷ്ഠിച്ചു കാണിച്ചതു്. "ഇന്നു ഭാഷയതപൂർണ്ണമെന്നു്" ആശയഗുർവ്വിയായ ആശാന്റെ കവിത ഘോഷിക്കുന്നു. ആശാന്റെ ഒരു പദം, വച്ച സ്ഥാനത്തുനിന്നു നീക്കിവയ്ക്കുവാനുള്ള ശേഷി ആർക്കുമില്ല. അത്രയ്ക്കു ശക്തനാണദ്ദേഹം. മററു ചിലരുടെ നാലു പാദങ്ങളും ഒരടിക്കുള്ളതെയുള്ളു. 'ഉപമാ കാളിദാസസ്യ' എന്നുള്ളതുപോലെ 'ഉപമാ ശ്രീകുമാരസ്യ' എന്നു പറഞ്ഞാൽ അതു് അതിശയോക്തിയായിരിക്കയില്ല. ഉപമാനത്തിനു് ആശാൻ കല്പവൃക്ഷത്തെയോ, കാമധേനുവിനേയോ അല്ല- കാണാത്തതും, കേൾക്കാത്തതുമായ വസ്തുക്കളെ അല്ല-സ്വീകരിക്കാറുള്ളതു്.

'കുഞ്ചിനഖശരാഗവും' 'കേതുവിൽ താണുപററിയ പതാ

(ശേഷം [illegible]-ാം പേജിൽ)

*പല്ലന കുമാരകോടിയിൽ ആശാൻ വാരത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിലെ ചില ഭാഗങ്ങൾ.

---

ടാസ്കി എന്നീവർ ശബ്ദിച്ചപ്പോൾ ജനങ്ങൾ ശബ്ദിച്ചു! അവർ ഇളകിയപ്പോൾ ജനങ്ങൾ ഇളകി. അവർ ഗമിച്ചപ്പോൾ ജനങ്ങൾ അനുഗമിച്ചു. വ്യക്തികളായിരുന്നെങ്കിലും അവർ ജനങ്ങളായിരുന്നു. ലോകത്തു[illegible]വിലെ ചിന്തകന്മാരുണ്ടോ അവിടെ ഡാർവിന്റെ വ്യക്തിത്വം ജീവിയ്ക്കുന്നു. ആധുനികകാലത്തിന്റെ ചിന്തയിലും മനോഭാവത്തിലും, താല്പര്യങ്ങളിലും അപാരമായ സ്വാധീനശക്തി ചെലുത്തി കൊണ്ടിരിക്കുന്ന കാറൽ മാർക്സ്, ഫ്രായിഡ്; ലെനിൻ, ബെർഗ്സൺ ഐൻസ്റ്റീൻ മുതലായവരിൽ നിന്നു പ്രതിഫലിക്കുന്നതും വൻപിച്ച ലോകപ്രസ്ഥാനങ്ങളും, ലോകസ്ഥാപനങ്ങളുമാകുന്നു.

വ്യക്തികളുടെ ലോകപ്രാധാന്യത്തെ മനസ്സിലാക്കുവാനുള്ള ഏററവും ചുരുങ്ങിയ ചില സൂചനകളാണു ഇവ.

# ശ്രീനാരായണധൎമ്മം

(തുടർച്ച)

അഥ: ആശ്രമാ: —

ശിഷ്യ ഉവാച:—

ജ്ഞാതൃജ്ഞാന ജ്ഞേയതത്ത്വ
നീതിവ്യാഖ്യാ വിചക്ഷണ
ആഖ്യാതം ഭവതാ യദ്യ-
ദ്വാക്യം വാക്യവിശാരദ. ൧൨.

അസ്മാഭി രവധാനേന
ശ്രുതം തല്ലോകസമ്മതം
അഥാശ്രമ സ്വരൂപം ച
ജിജ്ഞാസാമോ യഥാക്രമം. ൧൩

ഗുരുരുവാച:—

അഥാഹം സംപ്രവക്ഷ്യാമി
ജ്ഞാതവ്യാനാശ്രമാം സ്തഥാ;
തേഷാം സമാന്യധർമ്മാം ശ്ച
ക്രമശഃ ശൃണു താത്ത്വികാഃ ൧൪

പൂർവ്വാചാര്യാ ബ്രഹ്മചര്യം
ഗാർഹസ്ഥ്യം ച തതഃ പരം
വാനപ്രസ്ഥം ച സംന്യാസ-
മാശ്രമാം ശ്ചതുരോ ജഗുഃ. ൧൫

തഥാപ്യാരാഹിതപ്രജ്ഞാഃ
കാലേ ƒസ്മിന്നാശ്രമാസ്ത്രയഃ
പര്യാപ്താ ഏവ മേവാസം
സ്ത്രയഃ കാലേപി വൈദികേ. ൧൬

തേ ബ്രഹ്മചര്യ ഗാർഹസ്ഥ്യ
സന്യാസം ഇതി നാമതഃ
തേഷാം സ്വാരൂപ്യരൂപാണി
സംക്ഷിപ്യാദൗ നിരൂപ്യതേ. ൧൭

വിദ്യാരംഭാത് പരം പുംസ-
ശ്ചതുർവ്വിംശ വയോവധി
ബ്രഹ്മചര്യം ബാലികായാഃ
സ്യാത് ഷോഡശ വയോവധി. ൧൮

വിഹിതേ ബ്രഹ്മചര്യാന്തേ
ഗൃഹീതം യദി വാഞ്ഛതി;
ഉത്സൃജേത് ബ്രഹ്മചര്യം ത-
ദന്യഥാ ന പരിത്യജേത്. ൧൯

പുരുഷോ യദി ഷട്ത്രിംശ
ദ്വയോ: ന്തം ബ്രഹ്മചര്യവാൻ;
തഥൈവ വനിതാ ത്രിംശ
ദ്വയാം സി ബ്രഹ്മചാരിണീ. ൨൦

അവിച്ഛിന്ന ബ്രഹ്മചര്യ
പ്രശസ്തമതിശാലിനൗ
നേതൃത്വ മർഹതസ്തൗ തു
ജനതാ പര്യവേക്ഷണേ. ൨൧

ജ്യേഷ്ഠപുത്രസ്യ പുത്ര്യാ വാ
ബ്രഹ്മചര്യാന്തമാസ്ഥിതഃ
വാ കനിഷ്ഠ തനുജന്മ
ബ്രഹ്മചര്യോചിതം ഗൃഹീ. ൨൨

സംവിധാനം വിധായൈവ
ഗാർഹസ്ഥ്യാ ദ്വിനിവർത്തയേത്;
സമ്പൂർണ്ണഷഷ്ഠി വർഷശ്ചേ
ദിഷ്ടകാലേതു സന്ന്യസേത്. ൨൩

അനനുഷ്ഠായ ബ്രഹ്മചര്യം
ഗാർഹസ്ഥ്യം ച യഥാവിധി
സദാരോ ƒരണ്യം ഗച്ഛേദേഹം
പ്രാജ്ഞായ മുഷിരിഷ്യതേ. ൨൪

മുമുക്ഷുമംഹായാന്യാ
നയതിനാം സംപ്രഹോചിതാ
നിഷ്കാമ കർമ്മസംപൃക്താ
ജഗതഃ സേവനാദപി. ൨൫

കർമ്മബന്ധവിനിർമ്മുക്ത്യൈ
സംസ്മൃപായോ മഹത്തരഃ
തദേകാന്ത സുഖാപേക്ഷീ
കർമ്മനിഷ്കാമമാചരേത്. ൨൬

ബഹുധാപി വിഭക്തം തത്
സാധുമാനവ ജീവിതം;
തത്രാശ്രമസംബദ്ധാ
വിധയോ വിവിധാദപി. ൨൭

ദിവാകൃതം തമിസ്രായാം
മാസേനാഷ്ടമസു യത്കൃതം.
വൃഷ്ടാവപി സുഖായൈവം
കൃതം ബാല്യേതു യൗവനേ. ൨൮

താരുണ്യേ വിഹിതം യത്ത
ദ്വാർദ്ധക്യേ സുഖാപ്തയേ;
ആമുഷ്മികഖിലാവൃത്തി-
ശ്ചന്യോത്തര സുഖായ ച. ൨൯

യഥാവദാശ്രമ വിധിൻ
സമനുഷ്ഠിതവാൻ പുമാൻ;
സോ ƒയമേവേതി വിജ്ഞേയോ
ലോകതത്ത്വാർത്ഥ വേദിഭിഃ. ൩൦

**നവജീവൻ**

മതപണ്ഡിതന്മാരുടേയും സാഹിത്യ നായകന്മാരുടേയും മററും അനുകരണീയവും ആദർശപരവുമായ നല്ല നല്ല ലേഖനങ്ങൾ എല്ലാ ലക്കങ്ങളിലും ഉണ്ടായിരിക്കും.

മാനേജർ, ശിവഗിരി, വർക്കല.

**നവജീവൻ**

26th February 1945

# രണ്ടു അനുഗ്രഹങ്ങൾ

—o—

രാജ്യക്ഷേമകരങ്ങളായ പ്രവൃത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ തിരുവിതാംകൂർ ഗവൺമെൻറ പ്രദർശിപ്പിച്ചുവരുന്ന നിസ്സീമാതീതമായ ഔത്സുക്യം, ലോകത്തിൻെറ പൊതുവായ ശ്രദ്ധയ്ക്കും അഭിനന്ദനത്തിനും പാത്രമായിക്കൊണ്ടിരിക്കയാണെന്നുള്ള വസ്തുത പ്രസിദ്ധമാണല്ലോ. യുദ്ധപരിതഃസ്ഥിതിമൂലം സംജാതമായിട്ടുള്ള സാമ്പത്തിക ദുരിതം, ഭക്ഷ്യസാധനദൌർല്ലഭ്യം മുതലായ വിഷമപ്രശ്നങ്ങളുടെ പരിഹാരത്തിനുമാത്രമായിത്തന്നെ അന്യഗവൺമെൻറുകൾ വെമ്പൽപ്പെട്ടപ്പോൾ, തിരുവിതാംകൂറിലെ അത്യന്തം സമർത്ഥനായ സർ സി. പി. യുടെ ഗവൺമെൻറാകട്ടെ, ആ വക വൈഷമ്യങ്ങൾക്കെല്ലാം ഏറെക്കുറെ ഉപശമം വരുത്തിക്കൊണ്ടു് ജീവകാരുണ്യപരങ്ങളും പൊതുക്ഷേമകരങ്ങളുമായ ഓരോരോ നൂതനപദ്ധതികൾ ഏർപ്പെടുത്തുവാൻ സന്നദ്ധമാകുകയാണു് ചെയ്യുന്നതു്. ഗവൺമെൻറിൻെറ ചിരസ്ഥായിയായ ഈ നയത്തിൻെറ പ്രത്യക്ഷഫലങ്ങളാണു് ഇക്കഴിഞ്ഞ നിയമസഭകളിൽ ഗവർമ്മെൻറു ഭാഗത്തുനിന്നും നിയമനിർമ്മാണത്തിനായി സമർപ്പിച്ചിരിക്കുന്ന 'ശിശുസംരക്ഷണ'ബില്ലും, 'യാചകദുരിതനിവാരണ' ബില്ലും.

വഴിപിഴച്ചു നടക്കുന്ന കുട്ടികളുടെ നിയന്ത്രണം, സംരക്ഷണം ഇവയെ സംബന്ധിച്ച പ്രയോജനകരങ്ങളായ പല വ്യവസ്ഥകളും ഉൾക്കൊള്ളുന്നതാണു് 'ശിശുസംരക്ഷണ'ബിൽ. കുട്ടികളെ സംബന്ധിച്ച ഈ നിയമം ബ്രിട്ടീഷിന്ത്യൻ പ്രവിശ്യകളായ ബോംബെയിലും, ബംഗാളിലും, മദ്രാസിലും ഇപ്പോൾ നടപ്പിലിരിക്കുന്നുണ്ടു്. ഇവയിൽ ഏറിയ കൂറും ബോംബെ ആക്ടിനെ അനുകരിച്ചാണു് പ്രസ്തുത നിയമം ഇവിടെ രൂപവൽക്കരിച്ചിട്ടുള്ളതു്. അരക്ഷിതാവസ്ഥയിൽ വർത്തിക്കുന്നവരും, ശിക്ഷിക്കപ്പെട്ടവരുമായ കുട്ടികളുടെ പരിരക്ഷണമെന്ന പരമമായ ധർമ്മനിർവഹണമാണു ഈ ബില്ലിൻെറ പ്രധാനോദ്ദേശം. ബില്ലിൻെറ ഉദ്ദേശ്യകാര്യവിവരണത്തിൽ, സമുദായത്തിൻെറ ക്ഷേമം കുട്ടികളുടെ പരിരക്ഷണത്തെ അവലംബിച്ചാണിരിക്കുന്നതെന്നും, നിലവിലുള്ള ദുർഗ്ഗുണപരിഹാരപാഠശാലാനിയമം ഇന്നത്തെ ആവശ്യത്തിനു പര്യാപ്തമല്ലെന്നും, തന്മൂലമാണു് ഈ പുതിയ ബിൽ അവതരിപ്പിക്കേണ്ടിവന്നതെന്നും പ്രതിപാദിച്ചുകാണുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ പതിനാറു വയസ്സിനു താഴെയുള്ളവരെയെല്ലാം ബാധിക്കുന്നതും, തന്നിമിത്തം അവരെ കുട്ടികളെന്നു പറയപ്പെടുന്നതുമാണു്. അശരണരും വഴിതെററി നടക്കുന്നവരും, അസന്മാർഗ്ഗികവിപത്തുകളിൽ പെടുന്നവരുമായ കുട്ടികളെ സുരക്ഷിതാവസ്ഥയിൽ സൂക്ഷിക്കുന്നതിനു് ഈ ബില്ലുമൂലം പോലീസിനും മജിസ്ട്രേട്ടിനും അധികാരം സിദ്ധിക്കുന്നു. അവരെ വിസ്തരിക്കുന്നതിനു് പ്രത്യേക കോടതികളും, സംരക്ഷിക്കുന്നതിനു് പ്രത്യേകസ്ഥാപനങ്ങളുമുണ്ടായിരിക്കുന്നതാണു്.

അത്യന്തം പ്രാധാന്യമർഹിക്കുന്ന മറെറാന്നാണു് 'യാചകനിരോധന'ബിൽ. യാചകനിരോധനം, സാധുക്കൾക്കായുള്ള അഗതിമന്ദിരങ്ങളുടേയും തൊഴിൽശാലകളുടേയും നിർമ്മാണം, ബാലകുററവാളികളെ വിസ്തരിക്കുവാനുള്ള കോടതിസ്ഥാപനം തുടങ്ങിയവയാണു് ഈ ബില്ലിലെ പ്രധാന വ്യവസ്ഥകൾ. ഇതുസംബന്ധമായി മദ്രാസിലും മൈസൂറിലും നിലവിലിരിക്കുന്ന ആക്ടുകളെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള ബില്ലിൻെറ ഉദ്ദേശകാര്യവിവരണത്തിലും, പ്രസ്തുതബില്ലു നിയമമാകുന്നതുകൊണ്ടു് നാട്ടിനു പൊതുവെ വന്നുചേരാവുന്ന വിവിധ ഗുണാതിശയങ്ങളെ വിശദമായി വിവരിക്കുന്നുണ്ടു്.

ഈ രണ്ടുബില്ലുകളും നിയമങ്ങളായി പ്രയോഗത്തിൽ വരുന്നതോടുകൂടി ഈ നാട്ടിലെ ദുർഭരങ്ങളായ രണ്ടു നിർഭാഗ്യങ്ങൾ എന്നന്നേക്കുമായി ഒഴിയാനും, "മാനുഷരെല്ലാരുമൊന്നുപോലെ" സുഭിക്ഷമായി കഴിഞ്ഞുകൂടിയ ആ സാങ്കല്പികമായ പഴയ മാവേലിവാഴ്ച വീണ്ടും സമാഗതമാകുവാനും ഇടയാകുമെന്നാണു് ഞങ്ങളുടെ പൂർണ്ണവിശ്വാസം. ആ സുദിനത്തെ ഞങ്ങൾ സാദരം സ്വാഗതം ചെയ്തുകൊള്ളുന്നു.

---

രാജശ്രീ പി. മാധവൻ വൈദ്യരവർകളുടെ

**ആയുർവ്വേദവൈദ്യശാല-പുത്തൻചന്ത.**

**തിരുവനന്തപുരം**

Established in A. D. 1889 (M. E. 1065)

**60 കൊല്ലത്തെ പഴക്കത്തിൽ ഗുണം കണ്ടതു്.**

**വൈററലിൻ**

ക്ഷയം, കാസം, പിത്തപാണ്ഡു മുതലായ എല്ലാമാതിരി വ്യാധികളേയും മാററി ദീപനപാചനവും തന്മൂലം രക്തപുഷ്ടിയും ഉണ്ടാക്കുന്ന ഒരു ദിവ്യൗഷധം. സ്ത്രീകൾ പ്രസവാനന്തരം ഉപയോഗിക്കേണ്ട ഒരു ഔഷധം ഇതു തന്നെയാകുന്നു. വില 24 Oz കുപ്പി ഒന്നിനു (24 ദിവസത്തേക്കു) രൂപാ 5 മാത്രം — പാക്കിംങ് എക്സ്ട്രാ.

# മുനിചര്യാപഞ്ചകം

മൂലം (ശ്രീനാരായണ ഗുരുദേവൻ)

## മുനിയുടെ പരമമായലക്ഷ്യം എന്താണെന്നു വ്യക്തമാക്കുന്നു.

അയാചിതമലിപ്സയാ നിയതി ദത്തമന്നം മുനി-
സ്തനോഃ സ്ഥിതയ അന്നദൻ പഥിശയാനകോ f വ്യാകുലഃ
സദാ fത്മദൃഗനശ്വരം സ്വപരമാത്മനോ രൈക്യതഃ
സ്ഫുരന്നിരുപമം പദം നിജമുപൈതി സച്ചിത് സുഖം (2)

| | |
|---|---|
| മുനി: | മുനി |
| അലിപ്സയാ | ആഗ്രഹമില്ലായ്കയാൽ |
| അയാചിതം | യാചിക്കാതെകണ്ട് |
| നിയതി ദത്തം | നിയതിയാൽ ദാനം ചെയ്യപ്പെട്ട |
| അന്നം | അന്നത്തെ |
| തനോഃ സ്ഥിതയേ | ശരീരത്തെ നിലനിറുത്തുന്നതിന് |
| അന്നദൻ | ഭക്ഷിച്ചുകൊണ്ട് |
| അവ്യാകുലഃ | വ്യാകുലമില്ലാതെ |
| പഥിശയാനകഃ | വഴിയിൽ ശയിച്ചിട്ട് |
| സദാ | എല്ലായ്പ്പോഴും |
| ആത്മദൃഗ് | ബ്രഹ്മജ്ഞാനിയായിട്ട് |
| സ്വപരമാത്മനോഃ | ജീവാത്മാപരമാത്മാക്കളുടെ |
| ഐക്യതഃ | ഐക്യം കൊണ്ട് |
| നിരുപമം | തുല്യമില്ലാത്തവിധം |
| സ്ഫുരൽ | ശോഭിക്കുന്നതും |
| അനശ്വരം | നാശമില്ലാത്തതും |
| നിജം | സ്വാത്മാവിനെ സംബന്ധിച്ചതും |
| സച്ചിൽ സുഖം | സച്ചിൽ സുഖവുമായിരിക്കുന്ന |
| പദം ഉപൈതി | സ്ഥാനത്തെ പ്രാപിക്കുന്നു. |

ആഗ്രഹമില്ലായ്കയാൽ യാചിക്കാതെ കണ്ട തന്നെ നിയതിയാൽ ദാനം ചെയ്യപ്പെട്ട അന്നം ശരീരസംരക്ഷണത്തിനു വേണ്ടി ഭക്ഷിച്ചുകൊണ്ട് വ്യാകുലതയില്ലാതെ കണ്ടിടത്തു ശയിച്ച് സദാ ആത്മദൃക്ക് ആയി മുനി ജീവാത്മാപരമാത്മാക്കളുടെ ഐക്യത്താൽ മോക്ഷപദം പ്രാപിക്കുന്നു.

ശ്രീ ശിവലിംഗസ്വാമികളുടെ അന്വയവും അന്വയാർത്ഥവും സാരവും താഴെച്ചേർക്കുന്നു.

മുനി: അയാചിതം നിയതിദത്തം അന്നം തനോഃ സ്ഥിതയേ അലിപ്സയാ അന്നദൻ അവ്യാകുലഃ പഥിശയാനകഃ സദാ ആത്മദൃക് സൻ സ്വപരമാത്മനോഃ ഐക്യതഃ സ്ഫുരത് അനശ്വരം നിരുപമം സച്ചിൽ സുഖം നിജം പദം ഉപൈതി.

മുനിയായിരിക്കുന്നവൻ അയാചിതമായി നിയതിദത്തമായിരിക്കുന്ന അന്നത്തെ തന്റെ ശരീരത്തിന്റെ സ്ഥിതിക്കായിക്കൊണ്ട് അലിപ്സയാൽ അന്നദനായി അവ്യാകുലനായി പന്ഥാവിങ്കൽ ശയാനനായി സദാ ആത്മദൃക്കായിട്ട് സ്വപരമാത്മാക്കളുടെ ഐക്യം ഹേതുവായിട്ട് സ്ഫുരത്തായി അനശ്വരമായി നിരുപമമായി സച്ചിൽ സുഖമായി നിജമായിരിക്കുന്ന പദത്തെ ഉപയാനം ചെയ്യുന്നു. മുനി-മഹർഷി; അയാചിതം- യാചിക്കപ്പെടാത്തത്, യാചിക്ക- അപേക്ഷിക്ക, നിയതിദത്തം-നിയതിയാൽ ദത്തം, നിയതി - ഭാഗ്യം, ദത്തം - ദാനം ചെയ്യപ്പെട്ടതു്, ദാനം ചെയ്ക - കൊടുക്ക. അന്നം - ആഹാരം, തനു - ശരീരം, സ്ഥിതി -രക്ഷ (നിലനില്പ്) അലിപ്സാ - ലിപ്സാഭാവം, ലിപ്സാ- ഇച്ഛ, അന്നദൻ- അദിക്കുന്നവൻ, അദിക്ക-ഭക്ഷിക്ക, അവ്യാകുലൻ - വ്യാകുലത്തോടുകൂടാത്തവൻ, വ്യാകുലം - വ്യസനം, പന്ഥാവ് - മാർഗ്ഗം, ശയാനകൻ-ശയിക്കുന്നവൻ, ശയിക്ക - കിടക്കുക, സദാ -എല്ലായ്പ്പോഴും, ആത്മദൃക് - ആത്മജ്ഞാനമുള്ളവൻ, ആത്മജ്ഞാനം - ആത്മാവിനെക്കുറിച്ചുള്ള ജ്ഞാനം, ആത്മാവു-പരമാത്മാവ്, ജ്ഞാനം - അറിവ്, സ്വപരമാത്മാക്കൾ - താനും പരമാത്മാവും, താൻ- ജീവാത്മാവ്, പരമാത്മാവു - പരബ്രഹ്മം, ഐക്യം - ഏകത്വം. സ്ഫുരിക്ക - പ്രകാശിക്ക, അനശ്വരം - നശ്വരമല്ലാത്തതു്, നശ്വരം-നശിക്കുന്നതു. നിരുപമം - ഉപമയോടുകൂടാത്തതു, ഉപമ -സാദൃശ്യം, സച്ചിൽ സുഖം - സച്ചിദാനന്ദസ്വരൂപം, നിജം - തന്നെ സംബന്ധിച്ചുള്ളതു, പദം- സ്ഥാനം, ഉപയാനം ചെയ്യുക - പ്രാപിക്കുക.

സാരം: മുനിയായിരിക്കുന്നവൻ യാചിക്കപ്പെടാത്തതായും സ്വഭാവത്താൽ ലഭിക്കപ്പെട്ടതായുമിരിക്കുന്ന ആഹാരത്തെ തന്റെ പ്രാരബ്ധകർമ്മം അനുഭവിച്ചൊടുങ്ങുന്നതുവരെ ശരീരം നിൽക്കുന്നതിനായി ഒരുക്കുത്തു സങ്കല്പം കൂടാതെ ഭക്ഷിക്കുന്നവനായി ദുഃഖരഹിതനായി വഴിയിൽ കിടക്കുന്നവനായിരുന്നാലും അവൻ സദാ ആത്മബോധത്തോടുകൂടിയവനായിത്തന്നെയിരിക്കും. ജീവാത്മാവും പരമാത്മാവും ഒരുവസ്തുവാണെന്നുള്ള വാസ്തവജ്ഞാനത്തോടുകൂടിയവനായിത്തന്നെയിരിക്കും. അതിനാൽ ഇപ്രകാരം നിരന്തരം ദൃഢമായി ചെയ്യുന്ന അനുസന്ധാനം ഹേതുവായിട്ട് തനിക്കും പരമാത്മാവിനും തമ്മിലുണ്ടാകുന്ന ഐക്യത്തിൽ നിന്നു പ്രകാശിക്കുന്നതായും ഉപമയില്ലാത്തതായും സത്യജ്ഞാനാനന്ദസ്വരൂപമായുമിരിക്കുന്ന ബ്രഹ്മപദത്തെ പ്രാപിക്കുന്നു.

# 'മഹാകവി' വാക്യത്തിന്റെ പ്രാമാണ്യം

## ഒരു വിവേചനം

(പണ്ഡിതർ—ഈ. വി. രാമൻ നമ്പൂതിരി, വില്വംഗലത്തം)

൧. ഈയിടെ തിരുവനന്തപുരത്തുവച്ച് ആഘോഷിക്കപ്പെട്ട ശ്രീ. 'കുമാരനാശാൻ വാര'ത്തിന്റെ ആദിമാന്തിമയോഗങ്ങൾ അല്പസ്വല്പം അസ്വാരസ്യത്തിലും കശപിശയിലും ആണു കഴിഞ്ഞുകൂടിയതെന്ന് ആ യോഗങ്ങളിൽ ഭാഗഭാക്കുകളായിരുന്ന ചില മാന്യസുഹൃത്തുക്കന്മാരിൽനിന്നും അറിയാനിടയായി. മഹാകവി ഉള്ളൂരിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടനയോഗം ആദ്യത്തേതും, സാഹിത്യനിപുണൻ ശ്രീ മുണ്ടശ്ശേരി ജോസഫ് അവർകളുടെ നേതൃത്വത്തിൽ നടന്ന സമാപ്തിയോഗം അവസാനത്തേതും ആയിരുന്നുവല്ലോ. അവസാനയോഗത്തിലെ അസ്വാസ്ഥ്യത്തിനു കാരണം, ശ്രോതാക്കളുടെ അഥവാ സന്ദർശകരുടെ അക്ഷമയല്ലാതെ, മറ്റൊന്നും ആയിരുന്നില്ലെന്നാണ് അറിയുന്നത്. എന്നാൽ ആദ്യയോഗത്തിലെ കഥ അങ്ങനെ യല്ലായിരുന്നുവത്രേ. ഉദ്ഘാടനം നടത്തിയ 'മഹാകവി'യും യോഗാദ്ധ്യക്ഷനായിരുന്ന ശ്രീമാൻ ഗോപാലപിള്ള അവർകളും തമ്മിൽ, ആശാനവർകളുടെ വയസ്സ്, വീണപൂവിന്റെ രചനാകാലം ഇത്യാദിവിഷയങ്ങളിൽ ചോദ്യോത്തരങ്ങൾക്കിടയായെന്നും, ലിഖിതപ്രമാണവും വസ്തുസ്ഥിതിയും വാസ്വംവാദികളായിക്കണ്ടു എന്നും ആണ് പറയപ്പെടുന്നത്. അതായത്; ആശാൻ മുപ്പതഞ്ചു വയസ്സുകഴിഞ്ഞതിനു മേൽ ആണ് 'വീണപൂവ്' എഴുതിയതെന്നു 'മഹാകവി' പ്രസംഗിച്ചു; കൂടെ, അതു് ആയിരത്തെൺപത്തി നാലാമാണ്ടിലാണെന്നും പറഞ്ഞുവത്രേ. എന്നാൽ, ആശാന്റെ ജീവചരിത്രരചിച്ചുമാന്യൻ, ൧൦൪൯-ാം മാണ്ടിലാണ് ആശാന്റെ ജനനമെന്നു പറഞ്ഞിരിക്കുന്നുപോൽ. അപ്പോൾ, ൧൦൮൪-ാം മാണ്ടിൽ ൩൫— വയസ്സല്ലേല്ലോ ആയിരിക്കുക.

(൩) ഈ വൈഷമ്യം സംബന്ധിച്ചു് വല്ലവിവേചനവും പ്രസിദ്ധീകരിക്കപ്പെട്ടുവോ എന്നു് എനിയ്ക്കറിവില്ല. എന്നാൽ പ്രകൃതം സംബന്ധിച്ച് ചിലരേഖകളെ ഇവിടെ ഓർമ്മിപ്പിയ്ക്കുവാനും തദ്വാരാ വൈഷമ്യം പരിഹരിപ്പാനും കഴിയുന്നതാണ്. അതാവിതു്:-

(൨) ശ്രീ- ആശാൻ ജീവിച്ചിരിക്കവേ, ൧൦൯൮-ൽ അദ്ദേഹത്തിന്റെ ഒരു ജീവചരിത്ര സംഗ്രഹം എഴുതപ്പെടാനിടയായിട്ടുണ്ടു്. ൧൦൯൮—മേടമിടവം ആത്മപോഷിണി മാസികയിലാണ് അതു് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതു്. മഹാകവി ഉള്ളൂരിന്റെയും, ശ്രീ- ആശാന്റെയും ജന്മനക്ഷത്രങ്ങളെ പ്രമാണീകരിച്ചുകൊണ്ടു, ഒരുവിശേഷാങ്കം എന്ന നിലയിലായിരുന്നു ആ പ്രസിദ്ധീകരണം. പ്രസ്തുത മഹാകവികളുടെ ജീവചരിത്ര സംഗ്രഹങ്ങളും, അവരെ അധികരിച്ചുള്ള മംഗളാശംസകളും അവരെക്കുറിച്ചുള്ള കവിതകളും, "ഉള്ളൂർ പ്രസ്ഥാനം" "കുമാരനാശാന്റെ കവിതാരീതി" "ഉഭയകവിരാജന്മാർ" "ചണ്ഡാലഭിക്ഷുകി" മുതലായലേഖനങ്ങളുമാണ് അതിൽ പ്രധാനമായിട്ടുണ്ടായിരുന്നതു്. പ്രസ്തുത മഹാകവികളെ സവിശേഷം മനസ്സിലാക്കാനായി ഉദ്ദേശിക്കപ്പെട്ട ഒരു പ്രസിദ്ധീകരണം തന്നെയായിരുന്നു അതു്. ജീവചരിത്രസംഗ്രഹങ്ങൾ അതാതുമഹാകവികൾ കൊടുത്ത കുറിപ്പുകളുപയോഗിച്ചു നിർമ്മിച്ചതാവാനേ വഴിയുള്ളൂ. ൧൦൪൮-ാംമാണ്ടിലാണ് ശ്രീമാൻ ആശാന്റെ ജനനം എന്നു് അതിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. ൧൦൪൯-ൽ എന്നിടെ ചിലതാനും. ആ ലക്കംമാസികയുടെ ൫൪-ാം വശംനോക്കുക. ഇതിനു വിരുദ്ധമായി, ൧൦൪൯ ൽ ആശാന്റെ ജനനം എന്നെങ്ങനെ എഴുതപ്പെടാനിടയായി എന്നു് അറിയുന്നില്ല.

(൪) ഇനി വീണപൂവിന്റെ കാര്യം:— ൧൦൮൨ ൽ ശ്രീമാൻ ആശാൻ പാലക്കാട്ടു താമസിയ്ക്കുന്ന കാലത്താണ് അതു രചിച്ചതെന്നും പ്രസ്തുത ജീവചരിത്രസംഗ്രഹത്തിൽ പറഞ്ഞിട്ടുണ്ടു്. "ഞാൻ നളിനി എഴുതാൻ ആരംഭിച്ചിട്ട്, മൂന്നുകൊല്ലത്തിനുമേലാകും. 'മിതവാദി'യിൽ നിന്ന് എന്റെ 'വീണപൂവ്' പകർത്തിയെഴുതി സി. എസ്സ്. സുബ്രഹ്മണ്യൻപോററി ബി. ഏ. അവർകൾ ഭാഷാപോഷണിയിൽ പ്രസിദ്ധപ്പെടുത്തിയ കാലത്താണ് ഞാൻ ഇതു തുടങ്ങിയതു്" ... എന്നു് ൧൦൮൭ ൽ നളിനിയുടെ 'മുഖവുര'യിൽ ആശാൻ തന്നെ പറഞ്ഞിരിയ്ക്കുന്നതിനോടു് ഇതു യോജിയ്ക്കുന്നതുമുണ്ടു്. ൧൦൯൮ മേടമാസത്തിലെ ചിത്തിരകഴിഞ്ഞപ്പോൾ, ആശാന്റെ ൫൦-ാം വയസ്സുകഴിഞ്ഞിരിക്കുന്നു. നളിനിയുടെ 'മുഖവുര' ൧൦൮൭ തുലാമാസത്തിലാണ് എഴുതപ്പെട്ടിരിയ്ക്കുന്നതെന്നും അനുസ്മരിച്ചുകൊള്ളുക. അപ്പോൾ, മഹാകവി ഉള്ളൂർസദസ്സിൽ പ്രസ്താവിച്ചതു് സപ്രമാണവും സാധീയസ്സുമായിട്ടുള്ള സംഗതിതന്നെ എന്നു തെളിയുന്നുണ്ടല്ലോ. ൧൦൪൯-ൽ ആശാനെ ജനിപ്പിച്ച ഗ്രന്ഥകാരനു് ഇതിൽ എന്തെങ്കിലും പറയാനുണ്ടോ, എന്തോ!

(൫) കേവലം ആധുനികന്മാരായ കേരളീയമഹാന്മാരുടെ ജീവിതചരിത്ര കാര്യങ്ങളിലും കൃതിനിർമ്മാണ കാലത്തിലും മററുംകൂടി ഇങ്ങനെ അഭിപ്രായഭിന്നതകളും വാദപ്രതിവാദവും വന്നുചേരുന്നതു വളരെ അധന്യമാണെന്നു തോന്നുന്നു. ഇതിലേയ്ക്കൊരു പരിഹാരം, ഓരോ മഹാന്മാരും സംഗ്രഹരൂപേണയെങ്കിലും ഓരോ 'ആത്മകഥാ' ഗ്രന്ഥം എഴുതി വയ്ക്കുകയായിരിക്കും. മലയാളത്തിലെ ആത്മകഥാഗ്രന്ഥ ദാരിദ്ര്യത്തിനും അതൊരു പരിഹാരമായിത്തീരുന്നതുമാണ്. മഹാകവികളായ ഉള്ളൂർ, വള്ളത്തോൾ മുതലായവരുടെയും; മഹാപുരുഷന്മാരായ മള്ളൂർ, ടി- കെ- തുടങ്ങിയവരുടെയും ആത്മകഥനങ്ങൾ എത്രമാത്രം താല്പര്യത്തോടുകൂടി കേരളീയജനത പാരായണം ചെയ്യുമെന്നുള്ളതു് പറഞ്ഞറിയിക്കുവാനില്ലല്ലോ. എന്തെങ്കിലും, ചിലതു നമുക്കു പ്രതീക്ഷിക്കുക തന്നെ!!

# വനരോദനം

(ചാലയിൽ രാമകൃഷ്ണപ്പണിക്കർ)

ശ്മശ്രുതിങ്ങീടും മുഖത്തുളിക്കും വികാരങ്ങ-
ളശ്രുവിൽ ക്കൂടക്കാട്ടികമ്പിതാംഗനായ് നിൽക്കും
ഭിക്ഷുവാമവനൊന്നു മാശിപ്പതില്ലകൊച്ചു
കക്ഷിയിൽക്കത്തിക്കാളും തീയൊന്നണയ്ക്കാനെന്ന്യേ!
തങ്കനാണ്യങ്ങൾ തങ്കം കൈകളിൽ നോക്കിക്കൊണ്ടാ-
തങ്കമോലുന്നി വചസ്സവനുച്ചരിച്ചുപോയ്!

"വയ്യെനിക്കല്പം പോലും. പൈദാഹം സഹിക്കുവാ —
നയ്യയ്യോ! കരിക്കാടി വല്ലതും കിട്ടിക്കേണേ!
ത്വരന്തരായിച്ചെന്നങ്ങടുക്കിടുന്ന തങ്ക—
നാണ്യങ്ങൾപോലും തെല്ലൊന്നലിഞ്ഞതത്തപ്താത്മാവിൽ.
അതിനെപ്പോയൊന്നല്പമാശ്വസിപ്പിക്കാനായി
ക്കൊതിപൂണ്ടെന്നോണ മാനാണയശൈലം വീഴ്കെ
പുഞ്ചിരിതൂകിപ്പേർത്തുമോമാനിക്കുന്ന,പ്പാപ-
പഞ്ജരം കേൾക്കുന്നില്ല തെല്ലുമപ്രരോദനം.

(൧൧൨-ാം പേജിന്റെ തുടർച്ച)

കയും' സാധാരണ ദൃശ്യവസ്തുക്കളാണ്. അവ ആശാന്റെ ഉപമാനസാമഗ്രികളുടെ സമ്പത്തിനെ ഉദാഹരിക്കുന്നു. ഒരു കാളിദാസനോ, ഒരു ടാഗ്ഗോറോ ആകുവാൻ ആർക്കും സാദ്ധ്യമല്ലതന്നെ. സ്വയം വെട്ടിത്തെളിച്ച ഒരു സ്വാതന്ത്ര്യവും സുന്ദരവുമായ മാർഗ്ഗം മഹാകവികൾക്കുണ്ടാകും. 'മുരാരെസ്തൃതീയഃ പന്ഥാഃ' എന്നു പറഞ്ഞതു് അതുകൊണ്ടാണ്. ആശാന്റെ രഥോദ്ധത അത്രപ്രശസ്തയാണ്. ആശാന്റെ കവിത ആ രഥത്തിൽക്കൂടിയാണു് പ്രൌഢഗംഭീരയായി സഞ്ചരിക്കുന്നതു്. ആർക്കും അനുകരിക്കാവുന്ന 'മഴവിൽ' കവിതകളുണ്ടു്. സപ്തവർണ്ണങ്ങളും വാരിത്തേച്ചാൽ മതി. വ്യക്തിമാഹാത്മ്യം കവിതയിൽ നിഴലിക്കുന്നുവെന്നു ആശാന്റെ ഏതുകൃതിയും സാക്ഷ്യം വഹിക്കുന്നു. ഒരു ഗാംഭീര്യം ഒരു അജയ്യത, ഒരു സ്വാതന്ത്ര്യദാഹം, ചിന്താദീപ്തമായ ഒരു അന്തഃകരണം, സർവ്വോപരി സത്യത്തിന്റെ സാക്ഷാൽക്കരണം ഇവയെല്ലാം കവിതയിൽ മായാത്ത കാൽമുദ്രപതിക്കുന്നുണ്ടു്.

പരുപരുത്ത മരവുരി ധരിച്ച ഒരു താപസകന്യകയാണു ആശാന്റെ കവിത. ആത്മീയ സൌന്ദര്യത്തിലല്ലാതെ ബാഹ്യസൌന്ദര്യത്തിൽ അവൾ ശ്രദ്ധിപതിക്കാറില്ല. പല കവിപൌരന്മാരിട്ടു് അധരാരുണിമ കിട്ടിയതു പോരാതെ ചിന്നോയും ലിപ്സ്റ്റിക്ക് ഇട്ടു പട്ടുപുടവചാർത്തി ഒരുങ്ങിയിട്ടുണ്ടു. ഒരു വാരനാരിയല്ല ആശാന്റെ കവിത, 'സാധിനുർ പൊളിഷ്' തുടങ്ങിയ പരുക്കൻ പാദങ്ങൾ മെഴുക്കലകളിലെ മുള്ളുകളായി നുള്ളിയാൽ മതിയാകും. ആശാന്റെ ധ്വനിയിൽ ശബ്ദം പാരുഷ്യം ലയിച്ചുപോകുന്നു. 'അനാഘ്രാതം പുഷ്പം കിസലയം മലൂനം കരരുഹൈഃ' എന്ന കാളിദാസപ്രയോഗത്തിൽ 'ഘ്രാ'യുടെ ഗർഘര കസ്വരത്തിന്റെ വ്യഗ്രലതയെ വേദനിപ്പിക്കുന്നുണ്ടാവാം. ആ വൈദർഭീവല്ലനാണല്ലോ അവശ്യവാക്കു്. "അനാഘ്രാതംസ്വ... കിസലയമലൂനം" എന്നാ നം കിസലയമലൂനം ക്കിയാൽ കുറച്ചുകൂടി കോമളമാകിട്ടുകയില്ലേ? കാളിദാസനും ആശാനും കരുതിയാണവേ അതു പ്രതിഷ്ഠിച്ചതു്! നമ്മൾ പദങ്ങൾ പ്രതിഷ്ഠിച്ചുകൂടാ. കുളങ്ങളിൽ പ്രതിഷ്ഠിച്ചുകൂടാ. ഒരു പ്രൌഢമനോഹരയുടെ ഒരു ചോളിക്കുണ്ണിന്നു മുണ്ടു് ഒരു ചേതോഹാരിതഃ ആശാന്റെ കാവ്യസൃഷ്ടിവൈചിത്ര്യത്തിലും കാണമായിരിക്കും സൌന്ദര്യം.

ചണ്ഡാലഭിക്ഷുകിയെ നാം കാണുന്നതു് സുവർണ്ണ വിഭൂഷിതയായിട്ടാണു്. അപ്പോഴാണു് ആശാന്റെ കവിത മധുരപദാകലിതയായി, മരവുരിമാററി, മൃദുലദുകൂലമുടുത്തുതുടങ്ങിയതു്.

x x x x

ഒരുകവിജന്മോദ്ദിഷ്ടമായ സത്യസൌന്ദര്യ സന്ദേശം മർത്ത്യർക്കു നൽകിയല്ലാതെ മടങ്ങുകയില്ല. ഷെല്ലി ൨൯-ൽ മരിച്ചാലും ആശാൻ ൫൦-ൽ അന്തരിച്ചാലും സ്വന്തംസന്ദേശം നൽകിക്കൊണ്ടാണു പാടിമറഞ്ഞതു്. ആശാൻ കൊളുത്തിയ സത്യദീപം ഓരോ കുടിലിലും, കൊട്ടാരത്തിലും എന്നും എരിഞ്ഞുകൊണ്ടിരിക്കും.


## മദനൻ

അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവു്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദ സമ്പൂർണ്ണമാക്കുന്നു. 6 വയസ്സിനു മേലുള്ള സ്ത്രീ പുരുഷന്മാർക്കു ഉപയോഗിക്കാം. വിശേഷപഥ്യങ്ങൾ ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു് 2 ക. മാത്രം

ക്ഷയം, ഭ്രാന്തു, അപസ്മാരം കാസം മുതലായവയ്ക്കു് പ്രത്യേകം ചികിത്സചെയ്യുന്നതാണു്

ശ്രീമദ് രാമാനന്ദസ്വാമികൾ
സിദ്ധവൈദ്യാശ്രമം

ബ്രാഞ്ചു് ബാനർജി റോഡ്, എറണാകുളം
H. O. Trichur.

(൧൧൫-ാം പേജിൽനിന്നും തുടൎച്ച)

ന്നാലും സുഖവും സംതൃപ്തിയും ജീവിതത്തിൽ ഒഴിച്ചുകൂടാത്തതാണെന്നുള്ളതു ഏറെക്കുറെ ശരിവെക്കുന്ന ഒരു തത്വമാണ്.

അതുകൊണ്ടു ആനന്ദാനുഭൂതി എന്ന വിഷയത്തിൽ യാഥാസ്ഥിതികനായ പഴയ സനാതനി ബ്രാഹ്മണനും; സ്മൃതികാരനും; നിരീശ്വരവാദിയായ ചാർവ്വാകനും, അനാത്മവാദിയായ ബുദ്ധനും സൗഹാർദ്ദാഭിവക്താവായ നബിയും, ജീവകാരുണികനായ ക്രിസ്തുവും, ഭൌതികവാദിയായ കാറൽ മാർക്സും, പരിണാമവാദിയായ ചാർലസ്സ് ഡാർവിനും എല്ലാം ഒരേ അഭിപ്രായക്കാരായിത്തീരുന്നു. സ്വർഗ്ഗം നിർവ്വാണം, പരംപദം, മോക്ഷം, അമനസ്കം, സമാധി, മുതലായ പദങ്ങളെല്ലാം ആനന്ദാനുഭവത്തിന്റെ പര്യായങ്ങൾ മാത്രമാകുന്നു. തദ്വാര മതങ്ങളുടെ മൌലികതത്വങ്ങൾക്കെല്ലാം ഐകരൂപ്യമുണ്ടെന്നു സാധിച്ചു.

ആ ലക്ഷ്യപ്രാപ്തിക്കു കേവല വിജ്ഞാനിയായാലും ശരി, യോഗാഭ്യാസിയായാലും ശരി, കമ്മിയായാലും ശരി എല്ലാവരും ഒരുപോലെ യത്നിക്കുന്നു. വസ്ത്രധാരണമോ, കാഷായധാരണമോ, പീതവസ്ത്രമോ, ജടാലതമോ, മുണ്ഡിതമോ, ജ്ഞാനസ്നാനമോ, തൊപ്പിയിടലോ, ഒന്നും തന്നെ ആനന്ദാനുഭൂതിയാകുന്ന സർവ്വമതസമ്മതമായ ആ ലക്ഷ്യപ്രാപ്തിക്കു സാധകമോ ബാധകമോ അല്ല.

പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതുകണ്ടലയാതമർന്നിടേണം" (ഗുരുദേവൻ)

സകല മതങ്ങളുടെയും സാരം ഒന്നായിരിക്കയാൽ മതം ഒന്നുമാത്രമേ ഉള്ളൂ. അതേതാണെന്നു ചോദിച്ചാൽ ഓരോ മതസ്ഥനും അവനവന്റെ മതമാണെന്നു തന്നെ പറയും. അതു ശരിയായിരിക്കയില്ല. ആനയെ കാണാൻ പോയ കുരുടന്മാർ ഓരോ അവയവം തപ്പിനോക്കിയതിനുശേഷം ആന മുറംപോലെയാണെന്നും, അതല്ല ചുമർപോലെയാണെന്നും, അല്ല കട്ടപ്പും പോലെയാണെന്നും, കയറുപോലെയാണെന്നും തൂണുപോലെയാണെന്നും പറഞ്ഞു വാദിച്ചു പരസ്പരം തല്ലിക്കലഹിക്കുന്നതു പോലെയാണ് അതെന്നും അതു അവിവേകത്തിന്റെ ഒരു പ്രകാരാന്തരം മാത്രമാണെന്നും ആണ് സ്വാമികൾ മുകളിൽ ഉദ്ധരിച്ച ശ്ലോകം മുഖേന പറയുന്നതു്.

മതങ്ങളുടെ പേരിൽ അന്യോന്യം കലഹിക്കരുതെന്നുമാത്രമാണ് സ്വാമികൾ ഒരു മതമെന്ന സൂക്തികൊണ്ടനുശാസിക്കുന്നതു്.

ശ്രീനാരായണ മതം എല്ലാ മതങ്ങളെയും അനുവദിക്കുന്നുണ്ടെങ്കിലും എല്ലാററിനെയും നിഷേധിക്കുകയും ചെയ്യുന്നുണ്ടു്. അതാണ് മുൻപറഞ്ഞ വ്യതിരേകലക്ഷണയുടെ പ്രത്യക്ഷഫലം. ഇന്നു നിലവിലുള്ള ഒരൊററമതവും അനുസന്ധേയമല്ല. പിന്നെ അനുസന്ധേയമായതെന്താണ് എന്നൊരു ചോദ്യം ബാക്കിയുണ്ടു്. ഈ ചോദ്യത്തിന്റെ ശരിയായ സമാധാനമാണ് ഒരു മതമെന്നതിലെ ലക്ഷ്യാർത്ഥമോ, സൂച്യാർത്ഥമോ, ആയിത്തീരുന്നതു്. വാച്യാർത്ഥമല്ലതന്നെ. വാച്യാർത്ഥമാണെങ്കിൽ ഒരു മതമെന്നാൽ ഹിന്ദുമതമോ ബുദ്ധമതമോ ക്രിസ്തുമതമോ, ഏതെങ്കിലുമൊന്നായിപ്പോകും. അതു് അനിഷ്ടവുമാകുന്നു.

പ്രമാണങ്ങൾക്കെല്ലാം താത്വികം എന്നും പ്രായോഗികമെന്നും രണ്ടു വശങ്ങളുണ്ടു്. പ്രമാണം പ്രായോഗികമാക്കാൻ കുറെ വൈഷമ്യമുണ്ടു്. ജനതയുടെ ആചാരവിചാരാദികൾക്കു ഐകരൂപ്യം വരാതെ പ്രായോഗികതയിലേക്കു പ്രമാണങ്ങളെ നയിക്കുവാൻ സാദ്ധ്യമല്ല.

ഭല്ലാതകം വൃഷ്യമാണെന്നു ആയുർവ്വേദം വിധിച്ചിട്ടുണ്ടു്. ഇതു തത്വമാണു്. എന്നാൽ അതു പ്രയോഗികമാക്കാൻ വളരെ യത്നം ചെയ്യേണ്ടിയിരിക്കുന്നു. ധാതുവൃദ്ധിയെ ഇച്ഛിക്കുന്നവൻ ചേർക്കുരു ശുദ്ധി ചെയ്യാതെ ചെറുപയറുപോലെ പുഴുങ്ങിത്തിന്നാൽ വിങ്ങി മരിച്ചുപോകും. ഇതു തന്നെയാണ് നമ്മുടെ പ്രസ്തുതമായ പ്രമാണവും പ്രായോഗികമാക്കുന്നതിലുള്ള വൈഷമ്യം.

ശ്രീനാരായണ ഗുരുദേവരുടെ ഒരു മതം എന്നതിന്റെ താത്വികവശത്തെക്കുറിച്ചാണ് ഇനി പറയുവാനുള്ളതു്. സകല മതങ്ങളുടെയും പരമ സിദ്ധാന്തത്തിന്റെ പ്രവർത്തനം ആനന്ദാനുഭൂതിയെ ലക്ഷ്യപ്പെടുത്തിക്കൊണ്ടുള്ളതാകയാൽ മനുഷ്യവർഗ്ഗത്തിനു ഒരൊററമതമേ ഉള്ളൂ. അതു തന്നെയാണ് ആനന്ദമതം എന്നു പറയപ്പെടുന്നതും. അപ്പോൾ "ഒരുമതം" എന്നതിനു വ്യതിരേകലക്ഷണ കൊണ്ടു നിർമ്മതത്വവും പിന്നെ അജഹൽസ്വാർത്ഥലക്ഷണ കൊണ്ടു സാദൃശ്യാർത്ഥദ്യോതകവും ഉപലക്ഷകവുമായ ആനന്ദമതം എന്ന അർത്ഥവും ഉപപന്നമാകുന്നു. ആനന്ദമതമെന്നാൽ ആനന്ദ പ്രധാനമായ മതമെന്നോ, ആനന്ദമയമാകുന്ന മതമെന്നോ ആനന്ദം തന്നെയാകുന്ന മതമെന്നോ അർത്ഥമാവാം. ഈ ആനന്ദമതത്തിന്റെ പ്രവർത്തനം എങ്ങിനെ സുസാധമാക്കാം എന്നു ചോദിക്കുകയാണെങ്കിൽ അതിന്റെ ഏററവും ലളിതമായ പ്രവർത്തന പദ്ധതി പരോപകാരപ്രദമായ ജീവിതരീതിയെ സ്വീകരിച്ചു സർവ്വമാനവമൈത്രിയേയും സൌഹാർദ്ദഭാവനയേയും വളർത്തുകതന്നെയെന്നു സമാധാനം പറയാം. അതു തന്നെ

അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം"
.......... .... ...............
"ജഗതിയിലിമ്മതമേകം"....

എന്നും മററുമുള്ള ശ്ലോകം കൊണ്ടു വ്യക്തമാകുന്നതു്. താൻ സ്വന്തസുഖത്തെ ലക്ഷ്യമാക്കി വല്ലതും പ്രവർത്തിക്കുകയാണെങ്കിൽ ആ പ്രവൃത്തികൊണ്ടോ അതിന്റെ പരിണതഫലമെന്ന നിലയിലോ അന്യനും വല്ല ഉപകാരവും ചെയ്തുകൊടുപ്പാൻ, അല്ലെങ്കിൽ ഉപകാരകമാവാൻ സാധിക്കുമെങ്കിൽ താദൃശകർമ്മം തന്നെയാണ് പ്രഭൂതമായ ആനന്ദത്തിന്റെ ഉറവിടം. "ലോകാസ്സമസ്താസ്സുഖിനോ ഭവന്തു" എന്ന നയം ആനന്ദമതത്തിന്റെ പ്രവർത്തന സാമഗ്രിയായ പരാർത്ഥകർമ്മത്തിൽ അന്തർഭവിക്കുന്നു. സ്വാർത്ഥം മുതലായ ദോഷശതങ്ങളെല്ലാം ഇവിടെ സ്വയം നശിക്കുന്നു. ത്യാഗം മുതലായ ഗുണങ്ങളും താനേ വർദ്ധിക്കുന്നു. ഈ മതം ജന്മികുടിയാൻ വഴക്കിനേയും മുതലാളി തൊഴിലാളി മത്സരത്തേയും നിയന്ത്രിക്കുന്ന സോഷ്യലിസ്റ്റാദർശത്തിനു കൂടി വിരുദ്ധമല്ലെന്നു കാണുന്നോറം

# തത്വഗീത

ലേഡീവിദ്വാൻ-മുതുകുളം പാർവ്വതിഅമ്മ

ഭുവനജീവിതസരണിയിലെത്തി-
യവിരതം യാത്രതുടരുന്ന
ഭവവിമോഹിത! തവപുരോഗതി
ശിവ! ശിവ! പാരം ദയനീയം.

എവിടെ നിന്നാണു വരുവതിങ്ങുമേ-
ലെവിടെപ്പോകുവാൻ കുതികൊൾവൂ?
ഇവയശേഷവു മറിയാത്തന്ധനോ
ഭുവനസാമ്രാജ്യ വിജിഗീഷു?

വിജയഭേരിയും ജയപതാകയും-
വിജയഗർവ്വമായ് നടകൊള്ളും
പരജിത! നീ വീഴും സമയമോരുവാൻ
നിജജനത്തിനും കഴിവതോ?

സമരകാംക്ഷമവിരതം ചിന്തി-
യമരനായ് നിന്നുരണമാടും
അമിത വിക്രമനിയലും സമ്രാട്ടും-
യമനണയുമ്പോൾമറയുമേ.

പരമാണുകമാം മരണശാസന-
മൊരുനിമിഷത്തേക്കിഹമാററാൻ
ഒരു സയൻസിനു മൊരുശുപാർശയ്ക്കും
ചെറുതുമാവതോ കരുതുകിൽ?

ഒരുനൊടിക്കുള്ളിലിനിവരും കാര്യ-
മറിവാനാകാത്ത സകലജ്ഞൻ
അറുതിയില്ലാത്ത യുഗപരിപാടി-
വിരചിപ്പൂമോഹവിവശനായ്

മണിമയമണിസദനവുമേറം-
പണവുമന്യമാം വിഭവവും
തനതായ് കല്പിച്ചതഖിലവും വിട്ട-
തനിയേ പോകണമെവനും ഹാ!

മദവിവശനായ് ഞെളിയും മർത്ത്യനാ-
വിദിതമാം കാലപ്പുഴയിലെ
അതിലഘുവാകും ജലകണമെന്നു-
മതിയിലോർക്കാത്തതതിചിത്രം!

ക്ഷണികജീവിതമൊരു ചലച്ചിത്രം-
മനുജരോ വെറും നിഴലുകൾ.
അണിയറപൊങ്ങി ഝടുതിവീഴുമ്പോൾ-
കനകദീപവും പൊലിയുമേ.

---

ആദ്ധ്യാത്മവാദികൾക്കും, അനാത്മവാദികൾക്കും, ഭൗതികവാദികൾക്കും, വിവർത്തവാദികൾക്കും, അണ്ഡവാദികൾക്കും, ഉല്പത്തിവാദികൾക്കും, മായാവാദികൾക്കും, അദ്രഷ്ടൃവാദികൾക്കും, എല്ലാം ഒരുപോലെ സമ്മതമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇതാണ് ശ്രീ നാരായണ ഗുരുസ്വാമികളുടെ ഒരുമതം.

---


## ആറു പ്രസിദ്ധീകരണങ്ങൾ

ഗ്രന്ഥകർത്താ എം. പി. അപ്പൻ എം. ഏ. എൽ. ടി.

അശ്രുധാര (ഒരു പുതിയ വിലാപകാവ്യം) വില അണ 8
സൈനികഗാനം (യുദ്ധഗീതങ്ങൾ) ടി 12
വെള്ളിനക്ഷത്രം (ഗീതകങ്ങൾ) ടി 8
സുവർണ്ണോദയം (ഭാവഗീതങ്ങൾ) ടി 12
തരംഗമാല ടി, ടി 14
ദിവ്യദീപം (Light of Asia) യുടെ ഗദ്യവിവർത്തനം ടി 1 രൂ. 4

വോളകുളത്തു ബുക്കുഡിപ്പോ
കുടമാളൂർ കോട്ടയം



## ഹൃദയാമൃതം

ഹൃദയം, ശ്വാസകോശം ഈ പ്രധാന അന്തരവയവങ്ങളുടെ വൈകല്യങ്ങൾക്കു പരിഹാരം നേടി, ക്ഷയം, കാസം മുതലായരോഗങ്ങളുടെ ആക്രമണത്തിൽ നിന്നും ശരീരത്തെ മുക്തമാക്കി പൂർണ്ണ ആരോഗ്യം കൈവരുത്തുന്നതിനു ഫലപ്രദമായുള്ള ഒരു ടോണിക്ക്. 4 ഔൺസ് കുപ്പി 1-ക്ക് 2 രൂ- 12 ണ. 0 പ., ? ഔൺസ് കുപ്പി 1ക്ക് ?—0—0., 8 ഔൺസ് കുപ്പി 1-ക്ക് 5—0—0.

നിർമ്മാതാക്കൾ—ശ്രീ വഞ്ചിരാജ്യ ആയുർവേദ ഫാർമസി,
(Regd) ആലപ്പുഴ.

Reg. No. T. 26 License No. 363/37

# THE NAVAJEEVAN

One Caste One Religion One God for Humanity

Sivagiri Varkala, 26th February: 1945

## ക്ഷയരോഗം

ജീവിക്കുവാൻ ആവശ്യമായ ശരീരാവയവങ്ങളെ കാർന്നു നശിപ്പിച്ചു കളഞ്ഞിട്ടില്ലെങ്കിൽ, പീനസം, ഏങ്ങൽ, കാസം തുടങ്ങിയ 11 ഉപദ്രവരോഗങ്ങളോടുകൂടിയതായാലും ശരി, കൊക്കിക്കുരച്ചും, ഏങ്ങിവലിച്ചും ദുരന്തദുരിതം അനുഭവിക്കാതെ രക്ഷ നേടുവാൻ ഒരേ ഒരു മാർഗ്ഗമാണുള്ളതു്. ഉടനേ

**കരിംകുരങ്ങ് രസായനം സേവിക്കുവിൻ!**

റാത്തൽ 1ന് 5 ക. മാത്രം. പാക്കിങ്ങും തപാൽകൂലിയും വേറെ.

**സ്വതന്ത്ര ഫാർമസി**

ചാലക്കുടി : കൊച്ചിൻ സ്റ്റേറ്റ്

ബ്രാഞ്ചുകൾ: 1. ആലപ്പുഴ, 2. കൊടകര

1945-ലെ മനോഹരമായ കലണ്ടർ ഇനാം!

സർക്കാർ അംഗീകൃത ആനന്ദപ്രദായിനി വൈദ്യശാല വക

## സിദ്ധൌഷധങ്ങൾ

### ക്ഷതാശിനിക്കുഴമ്പ്

ബാഹ്യലേപനം കൊണ്ട് പൂർണ്ണഫലം സിദ്ധിക്കുന്നതു് അടി, ഇടി, വീഴ്ച, ഉരമെട്ടപ്പ്, ആദിയായവയാൽ ഉണ്ടാകുന്ന നാഡിപ്പിഴ, അസ്ഥി ഒടിവ്, ചതവ്, മുറിവു ഇവകൾക്കു് സിദ്ധൌഷധം. എത്ര പഴക്കമുള്ളതിനേയും എളുപ്പം സുഖപ്പെടുത്തും.

കുപ്പി ഒന്നുക്കു വില രൂപാ ൧൬

### സ്തനരോഗവിദ്ധ്വംസിനി

മുലയിൽ ഉണ്ടാകുന്ന കുരുക്കൾ, വ്രണങ്ങൾ, ചുമപ്പ്, നീർവീഴ്ച, തടിപ്പ് മുലക്കണ്ണുവിള്ളൽ, പൊള്ളൽ ഗ്രന്ഥികൾ (Cancer) ഇവകൾക്കും മാസംമാസങ്ങളിൽ ഉണ്ടാകുന്ന മുലപ്പനിക്കും സിദ്ധൌഷധം. മൂലികാദ്യൗഷധങ്ങളാൽ മാത്രം തയ്യാർ ചെയ്തിട്ടുള്ളതും ഫലകരവും ഏറ്റവും ഹൃദ്യവുമായ ദിവ്യൗഷധം. ഗുഹ്യരോഗങ്ങൾ, വായുപുണ്ണ്, കുടൽ വ്രണങ്ങൾ ആദിയായവയെ മാറ്റുന്നതിനുള്ള ശക്തിയും അതിശയനീയമാകുന്നു. ഗർഭിണികളിലും സൂതികകളിലും ഉപയോഗപ്രദമാകുന്നു.

റാത്തൽ ൧ക്കു വില രൂപാ ൪.

### കാമലാമൃതം

പിത്തകാമല, മഞ്ഞക്കാമല, മഞ്ഞപ്പിത്തം ആദിയായി അറിയപ്പെടുന്ന സകല കാമലകളേയും തദുപദ്രവങ്ങളായ ശോഫം, അഗ്നിമാന്ദ്യം, വിദാഹം, മലബന്ധം ഇവയേയും വിശേഷാൽ കുംഭകാമല, ഹലീമകം, പാണ്ഡു, പ്ലീഹാഭിവൃദ്ധി മുതലായ രോഗങ്ങളേയും നശിപ്പിക്കും.

—അര റാത്തലിനു വില രൂപാ ൩

N. B. ആയുർവേദവിധിപ്രകാരം തയാർ ചെയ്തിട്ടുള്ള സകല ഔഷധങ്ങളും മിതമായ വിലക്കു വില്പനക്കു തയ്യാർ.

കെ. എൻ. രാഘവപണിക്കർ,
വൈദ്യകലാനിധി പാമ്പുറം,
പാരിപ്പള്ളി P. O.

പാളയംകുന്നു A. O.

Edited & Printed by Swami Sri Narayana Theerthar at the City Press Trivandrum and Published at Sivagiri Varkala, Travancore.